# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി1/1301/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 30/09/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി1/1301/2023 തീയ്യതി: 30/09/2023

## കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-10-2022 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജോഷോ ബെന്നറ്റ് ജോൺ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-08-2023 | 14-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-08-2023 | 14-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി.ഷൈനി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പുലപ്പാടി ഉമ്മർ മാസ്റ്റർ | പ്രസിഡന്റ് | 01-04-2022 | 01-07-2022 |
| ശ്രീ.രഞ്ജിത്ത്.ടി | പ്രസിഡന്റ് | 15-07-2022 | 31-03-2023 |
| ശ്രീ.ബ്രിജേഷ്.എം | സെക്രട്ടറി | 01-04-2022 | 06-04-2022 |
| ശ്രീ. ഗോകുൽദാസ്.ടി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-04-2022 | 07-05-2022 |
| ശ്രീ.ബ്രിജേഷ്.എം | സെക്രട്ടറി | 08-05-2022 | 21-09-2022 |
| ശ്രീ. ഗോകുൽദാസ്.ടി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-09-2022 | 01-10-2022 |
| ശ്രീ.ബ്രിജേഷ്.എം | സെക്രട്ടറി | 02-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഗോകുൽദാസ്.ടി.എം | അസി. സെക്രട്ടറി | 01-04-2022 | 22-10-2022 |
| ശ്രീമതി.ജയലേഖ.കെ.എ | അസി. സെക്രട്ടറി | 31-10-2022 | 31-03-2023 |
| ശ്രീമതി.ദർശന ദിലീപ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.റുമൈസ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്നി.പി.വർഗ്ഗീസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.അനു.ഒ.ജി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ഡോളി അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 01-01-2023 |
| ഡോ.സ്മിത.ഇ.ജെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 02-01-2023 | 31-03-2023 |
| ഡോ.ബിജുബാൽ | വെറ്ററിനറി സർജൻ | 01-04-2022 | 30-09-2022 |
| ഡോ.ബിന്ധ്യ.കെ.ആർ | വെറ്ററിനറി സർജൻ | 01-10-2022 | 31-03-2023 |
| ശ്രീമതി. സുരഭി. കെ | അസി.എഞ്ചിനീയർ | 01-04-2022 | 29-09-2022 |
| ശ്രീമതി.റൂബി നസീർ | അസി.എഞ്ചിനീയർ | 30-09-2022 | 11-12-2022 |
| ശ്രീ. പ്രമോദ് ഗോപൻ | അസി.എഞ്ചിനീയർ | 12-12-2022 | 31-03-2023 |
| ശ്രീമതി.ഷേളിത.വി.ടി | വി.ഇ.ഒ | 01-04-2022 | 24-07-2022 |

| | | | |
|---|---|---|---|
| ശ്രീ.ആഷിക്ക് | വി.ഇ.ഒ | 25-07-2022 | 31-03-2023 |
| ശ്രീമതി. ആതിര | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഉഷ.വി | ഹെഡ് മിസ്ട്രസ് | 01-04-2022 | 30-06-2022 |
| ശ്രീമതി.ബിന്ദു.പി.കെ | ഹെഡ് മിസ്ട്രസ് | 01-07-2022 | 31-03-2023 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1- 1-2 |
| 4 | മൂന്ന് മാസത്തിലധികമായ ക്യാഷ് ചെക്ക് Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-3 |
| 5 | Redemption പ്രകാരം പിൻവലിച്ച മുഴുവൻ തുകയും അക്കൗണ്ട്സിൽ പ്രതിഫലിച്ചില്ല. | 1-1-4 |
| 6 | ഇ പേയ്മെന്റ് മുഖേന അടവാക്കുന്ന തുക അക്കൗണ്ടിൽ അതേ ദിവസം ക്രെഡിറ്റാവുന്നില്ല. | 1-1-5 |
| 7 | സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല. | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ | 1-1-9 |
| 11 | വിവിധ ഗ്രാന്റുകളുടെ വരവും നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം(ACR) (റസീപ്റ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവും ചെലവും) | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണം | 1- 8 |
| 19 | ടാക്സ് ഓഡിറ്റ് - പൊതു പരാമർശങ്ങൾ | 1- 9 |
| 20 | തൊഴിൽ നികുതി-അപാകതകൾ | 1- 10 |
| 21 | ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം -ലോൺ തുക ബാദ്ധ്യതയായി തുടരുന്നു | 1-11 |
| 22 | ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് നിർമ്മാണം - സ്ഥലം ആർജ്ജിച്ചതിന്റെ വിവരം ലഭ്യമല്ല മറ്റപാകതകളും | 1-12 |
| 23 | ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല. | 1-13 |

| | | |
|---|---|---|
| 24 | കണിയാറംപൊയിൽ പാറമ്മൽ തോട് സംരക്ഷണം - പഴയ സ്ലാബ് എടുത്തു മാറ്റാത്തതിനാൽ വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുന്നു. | 1-14 |
| 25 | പള്ളിയോൾ മഠത്തുംപറമ്പ് റോഡ് - സമഗ്രമായ പദ്ധതി തയ്യാറാക്കിയില്ല | 1-15 |
| 26 | റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-16 |
| 27 | അനുപൂരക പോഷാഹാകാര പദ്ധതി - സിവിൽ സപ്ലൈസ് കോർപ്പറേഷന് അധിക തുക അനുവദിച്ചു. | 1-17 |
| 28 | അമൃതം ന്യൂട്രിമിക്സ് ബില്ല് - സ്രോതസിൽ നിന്നും ജി.എസ്.ടി .ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-18 |
| 29 | പകൽ വീട് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-19 |
| 30 | ഹോമിയോ ആശുപത്രയിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-20 |
| 31 | എം.ജി.എൻ.ആർ.ഇ.ജി.എ മെറ്റീരിയൽവർക്ക്- ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കിയിട്ടില്ല | 1-21 |
| 32 | തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല | 1-22 |
| 33 | വീട് റിപ്പയർ(ജനറൽ)-രേഖകൾ സൂക്ഷിപ്പിലെ അപാകതകൾ | 1-23 |
| 34 | അപകടാവസ്ഥയിലുള്ള കെട്ടിടത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നു. | 1-24 |
| 35 | ഫിഷറീസ് മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. | 1-25 |
| 36 | വനിതാ ഘടകപദ്ധതി - പദ്ധതികൾ രൂപീകരിച്ചതിൽ അപാകത | 1-26 |
| 37 | സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ - വിനിയോഗ വിവരം ലഭ്യമല്ല. | 1-27 |
| 38 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം സംബന്ധിച്ച് | 1-28 |
| 39 | എല്ലാ വീട്ടിലും അടുക്കളത്തോട്ടം -പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. | 1-29 |
| 40 | മുൻ വർഷങ്ങളിൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക ക്രമീകരിച്ചിട്ടില്ല. | 1-30 |
| 41 | സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് വിഹിതം ചെലവഴിച്ചില്ല | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 25.05.2023 ലെ 6/1 തീരുമാന പ്രകാരം തയ്യാറാക്കി 5.08.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദി ത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേ ണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേ ശങ്ങൾ ആവശ്യ പ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടു ത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്

നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവയും മുൻവർഷത്തെ താരതമ്യ തുകകളും രേഖപ്പെടുത്തിയിട്ടില്ല.

1- 1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 മൂന്ന് മാസത്തിലധികമായ ക്യാഷ് ചെക്ക് Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായിട്ടും ക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്ക് Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം /തിയ്യതി | ചെക്ക് നം/ തീയതി | തുക |
|---|---|---|---|
| മാവൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(020110000401) | 22200338/ 23.8.22 | 24508/20.8.22 | 2200 |

1-1-4 Redemption പ്രകാരം പിൻവലിച്ച മുഴുവൻ തുകയും അക്കൗണ്ട്സിൽ പ്രതിഫലിച്ചില്ല.

ബാലൻസ് ഷീറ്റ് B 17 ട്രഷറി അക്കൗണ്ട് ഓഫ് ജോയിന്റ് വെഞ്ചർ പ്രോജക്റ്റ്സ് (799011400001787) 33,22,605/- രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 31.3.23 ന് Redemption ഇനത്തിൽ പ്രസ്തുത തുക സർക്കാർ പിൻവലിച്ചിട്ടുണ്ട്. ഈ തുക ബാലൻസ് ഷീറ്റ് B 15 ൽ റിസീവബിൾസ് ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 ഇ പേയ്മെന്റ് മുഖേന അടവാക്കുന്ന തുക അക്കൗണ്ടിൽ അതേ ദിവസം ക്രെഡിറ്റാവുന്നില്ല.

SBI-ഇ പേയ്മെന്റ് അക്കൗണ്ടിന്റെ റീക്കൺസീലിയേഷൻ പത്രികയിൽ Cheque Deposited But Not Cleared ആയി 35,501/- രൂപ ഉണ്ട്. ഇതിൽ 22.10.22 മുതൽ 31.3.23 വരെയുള്ള തുകകൾ ഉൾപ്പെടുന്നു. ആയത് ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

1-1-6 സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല.

വാർഷികകണക്ക് B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് ഇല്ല. സ്റ്റോക്ക് രജിസ്റ്ററിൽ ബാലൻസ് സ്റ്റോക്ക് ഉണ്ടെങ്കിലും സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല.

1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ഉദാ.വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

1-1-8 ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

| | ബി 4 | ബി 17 | വ്യത്യാസം |
|---|---|---|---|
| ICDS | 2644758 | 2512953 | 131805 |
| Suchitwa Mission | 4250869 | 3094423 | 1156446 |
| Joint Venture | 3587866 | 3322605 | 265261 |

| | | | |
|---|---|---|---|
| Projects | | | |
| Rural Housing | 1820000 | 1809262 | 10738 |

1-1-9 ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ

ചെക്ക് നമ്പർ 31514 പ്രകാരം 23.1.23 ന് 3,000/- രൂപയും 14.3.23 ന് 5,000/- രൂപയും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ബാങ്ക് ബുക്ക് പ്രകാരം ചെക്ക് നമ്പർ 31514 ൽ 5,000/- രൂപയാണ്.

1-1-10 വിവിധ ഗ്രാന്റുകളുടെ വരവും നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

വിവിധ ഗ്രാന്റുകളുടെ വരവും നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വികസന ഫണ്ട്(ജനറൽ), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നീ ഗ്രാന്റുകളുടെ വരവ് , നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26/03/2022 തിയ്യതിയിലെ 1/1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2022-23 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1270222 |
| വരവ് | 238867000 |
| ആകെ | 240137222 |
| ചെലവ് | 238684122 |
| നീക്കിയിരിപ്പ് | 1453100 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16116447 |
| വരവ് | 54391968 |

| | |
|---|---|
| ആകെ | 70508415 |
| ചെലവ് | 47742975 |
| നീക്കിയിരിപ്പ് | 22765440 |

1-4 ഫണ്ട് വിനിയോഗം(ACR) (റസീപ്റ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവും ചെലവും)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 16122787 | 16122787 | 16053994 | 68793 |
| വികസന ഫണ്ട്- എസ് .സി.പി (ACR പ്രകാരം) | 0 | 8085929 | 8085929 | 7688334 | 397595 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7535000 | 7535000 | 7535000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5700000 | 5700000 | 5699949 | 51 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) Treasury (ACR | 0 | 129469 | 129469 | 129469 | 0 |

| | | | | | |
|---|---|---|---|---|---|
| പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(untied) PFMS) | 325082 | 3468000 | 3793082 | 3268082 | (525000+152936 Int) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് (Tied) Treasury | 0 | 1252675 | 1252675 | 1252675 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(tied) (PFMS) | 2778525 | 5202000 | 7980525 | 6659155 | 1321370 |
| സാക്ഷരത | 97745 | 2540 | 100285 | 0 | 100285 |
| അങ്കണവാടി പോഷകാഹാരം | 2162227 | 2029400 | 4191627 | 1546869 | 2644758 |
| ശുചിത്വമിഷൻ | 4263919 | 121360 | 4385279 | 134410 | 4250869 |

വികസന ഫണ്ട് ജനറൽ, എസ്.സി.പി, വാർഷിക ഗ്രാന്റ്, നോൺ റോഡ് എന്നിവയുടെ Queue Bill ഉൾപ്പെടെയുള്ള തുകയാണ് ACR ൽ ചെലവായിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ Queue Bill List പ്രകാരം തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 1386075 |
| എസ്.സി.പി | 130000 |
| MG(NR) | 34540 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 167 | 121549020 | 144 | 68499706 | 23 | 86% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 2937041 | 1584634 | 54 |
| വെറ്റിനറി സർജൻ | 7 | 7 | 4256000 | 3165968 | 74 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 2 | 230000 | 228993 | 99.6 |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 1 | 1 | 900000 | 900000 | 100 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 7 | 6 | 17907589 | 13103657 | 73 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 7897961 | 6729519 | 85 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 36 | 24 | 10485593 | 8173849 | 78 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 8 | 8 | 17278800 | 9068039 | 52 |
| അസി.എഞ്ചിനീയർ | 76 | 70 | 51910658 | 19743978 | 38 |
| ഹെഡ്മാസ്റ്റർ | 2 | 1 | 425000 | 300000 | 71 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2599630 | 1368653 | 53 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 4720748 | 4132416 | 88 |
| | 167 | 144 | 121549020 | 68499706 | 56 |

ഡി.പി.സി. അംഗീകാരം ലഭിച്ച 167 പ്രോജക്ടുകളിൽ 144 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 12,15,49,020/- രൂപ വകയിരുത്തിയതിൽ 6,84,99,706 /- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട് .

ഡി.പി.സി.അംഗീകാരം ലഭിച്ച 76 മരാമത്തു പ്രോജക്ടുകളിൽ 70 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 51,910,658/- രൂപ വകയിരുത്തിയതിൽ 1,97,43,978/- രൂപയാണ് 2022-23 വർഷത്തിൽ ചെലവഴിച്ചത്. അതായത് 38% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.08.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38267/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ നിജസ്ഥിതി പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5492600 | 468 |
| വിധവ പെൻഷൻ | 14641200 | 1332 |
| വാർദ്ധക്യകാലപെൻഷൻ | 20734400 | 2136 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1073800 | 97 |
| വികലാംഗ പെൻഷൻ | 4023200 | 371 |
| തൊഴിൽരഹിത വേതനം | 2640 | 2 |

## 1- 8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തു ന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിലെ ഓഫീസ് ഉത്തരവ് രജിസ്റ്റർ പ്രകാരം എല്ലാ ഉത്തരവാദിത്വങ്ങളും ജീവനക്കാർക്ക് കൃത്യമായി വിഭജിച്ച് നൽകിക്കൊണ്ടുള്ള സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കി ജോലി വിഭജനം ചെയ്ത് കാണുന്നില്ല. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

## 1- 9 ടാക്സ് ഓഡിറ്റ് - പൊതു പരാമർശങ്ങൾ

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്. 3/2019 നമ്പർ കത്ത് മുഖേന മാർഗനിർദേശങ്ങൾ നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരുമാനത്തെ സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തു കൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും അവയിൽ നിക്ഷിപ്തമായ ചുമതലകൾ യഥാവിധി നിറവേറ്റുന്നതിനും പണം ആവശ്യമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധന സഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമ നിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞ വയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വ പരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തു നികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി മാവൂർ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കയുണ്ടായി. അതു

സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

കെട്ടിടങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന 10936 കെട്ടിടങ്ങളും, പാർപ്പിടേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനായി 2986 കെട്ടിട നമ്പറുകളും, 5 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. കെട്ടിടങ്ങളിൽ 544 എണ്ണം നിയമാനുസൃതം നികുതി ഒഴിവാക്കി കൊടുക്കപ്പെട്ടവയാണ്. അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതും യു. എ. നമ്പർ നൽകി നികുതി ചുമത്തി വരുന്നതുമായ 13 കെട്ടിടങ്ങളും (സഞ്ചയ പ്രകാരം) ഗ്രാമപഞ്ചായത്തിൽ ഉണ്ട്.

നികുതി വരുമാനം

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ റസിഡൻഷ്യൽ, നോൺറെസിഡൻഷ്യൽ , കുടിശ്ശിക ഉൾപ്പെടെ ആകെ വസ്തു നികുതി വരവ് 43,29,422/- രൂപയാണ്. വസ്തുനികുതി വരവാണ് ഗ്രാമപഞ്ചായത്തിന്റെ മുഖ്യ തനതു വരുമാനമാർഗ്ഗം.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി വരവ് 50,00,000/- രൂപയായിരുന്നു. വാർഷിക കണക്കുകൾ പ്രകാരം തൻവർഷം ഈയിനത്തിലെ വരവ് 43,29,422/- രൂപയാണ്. ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്ഥിരം സമിതി നികുതി പരിവ് സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്തു വരുന്നുണ്ട്.

ഇ പേയ്മെന്റ്

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നേരിട്ട് അടയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ കേരളത്തിലെ ഏല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലഭ്യമാണ്. ഗ്രാമപഞ്ചായത്തിലെ കെട്ടിട്ടങ്ങളുടെ നികുതിയും ഇത്തരത്തിൽ ഓൺലൈനായി സ്വീകരിച്ചു വരുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 7389636105 നമ്പർ ഇ-പെയ്മെന്റ് അക്കൗണ്ടിലേ ക്കാണ് ഇത്തരത്തിൽ അടവാക്കുന്ന തുക വന്നു ചേരുന്നത്. തുക ഓൺലൈനായി അടവാക്കുമ്പോൾ തന്നെ സഞ്ചയയിൽ അതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുന്നുണ്ടെങ്കിലും അടവാക്കിയ തുക ശരാശരി രണ്ട് മുതൽ മൂന്ന് ദിവസങ്ങൾക്ക് ശേഷം മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ഇ-പേയമെന്റ് അക്കൗണ്ടിലേക്ക് ലഭിക്കുന്നത്. ഓൺലൈൻ മുഖേന അടവാക്കപ്പെടുന്ന തുക ആദ്യം ഇൻഫർമേഷൻ കേരള മിഷന്റെ തിരുവനന്തപുരത്തുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പോവുകയും അവിടെ നിന്ന് ഐ.കെ.എം അതത് തദ്ദേശ സ്ഥാപനങ്ങളിലേക്ക് തുക കൈമാറുന്നതിന് അനുസരിച്ച് മാത്രം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കപ്പെട്ടില്ലാത്തതിനാൽ ഓൺലൈനായി അടവാക്കപ്പെടുന്ന തുക സംബന്ധിച്ച് ഐ.കെ.എം നൽകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി വീണ്ടും റസീപ്റ്റ് എൻട്രി നടത്തിയാൽ മാത്രമേ തുക ഐ.ൽ.ജി.എം.എസിൽ വരവായി രേഖപ്പെടുത്തപ്പെടുന്നുള്ളു.

2023 – 24 ലെ നികുതി പരിഷ്കരണം

22.03.2023ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 31.07.2023ലെ 6(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ A4-4729/23/03/08/2023 നമ്പരായി അന്തിമ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷം വരെ

നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാർഷിക വസ്തു നികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് 22.03.2023ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (1)ൽ നിർദ്ദേശിച്ചിട്ടുണ്ട്. അതു പ്രകാരം സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന 9എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന മേൽ ഉത്തരവിലെ ഖണ്ഡിക 5 ലെ നിർദ്ദേശം ഇതു വരെ പാലിക്കപ്പെട്ടിട്ടില്ല.

ഫീൽഡ്തല പരിശോധനകൾ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടങ്ങളിൽ നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം വസ്തുനികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടില്ല.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഇ-പെയ്മെന്റ് തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതുമാണ്.

2. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

4. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

6. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നിലവിലെ പരിശ്രമങ്ങൾ ഉർജ്ജിതപ്പെടുത്തേണ്ടതും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ട് എന്ന് കാലാകാലങ്ങളിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

7. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന

മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1- 10 തൊഴിൽ നികുതി-അപാകതകൾ

(I) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 2022-23 സാമ്പത്തിക വർഷം മാവൂർ ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ശ്രീ. മുബഷീർ.എം
2) ശ്രീ. വിഷ്ണു.കെ.പി
3) ശ്രീ. അബ്ദു റഹിമാൻ.കെ.സി
4) ശ്രീ. മുഹമ്മദ് സാദത്ത്
5) ശ്രീ. മുഹമ്മദ് അലി കോയക്കുട്ടി
6) ശ്രീ. രാജേഷ് കുമാർ.കെ
7) ശ്രീ. സെയ്തു.പി.കെ
8) ശ്രീ. അബ്ദുൾ മുനീർ.പി
9) ശ്രീ. ഫാസിൽ അലി.കെ.പി
10) ശ്രീ. അബ്ദുൾ ഗഫൂർ.പി
11) കെ.പി.അബ്ദുൾ അസീസ്
12) റിയാസ് അഹമ്മദ്.ടി.പി

Ii) വാടക വരുമാനം ആർജ്ജിക്കുന്ന കെട്ടിടഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ പലരും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ല. കെട്ടിട വാടകക്കാരുമായി കെട്ടിട ഉടമയുണ്ടാക്കിയ വാടക കരാർ പരിശോധിച്ചതിൽ നിന്നും വലിയ തുക പ്രതിമാസ വാടകയായി ഈടാക്കുന്ന കെട്ടിട ഉടമകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഡി&ഒ ലൈസൻസ് നം | വാടക എഗ്രിമെന്റ് പ്രകാരമുള്ള പ്രതിമാസ വാടക | കെട്ടിട ഉടമ |
|---|---|---|---|---|
| 1 | 4/361 G | 424 | 5000/- | ഷമീന.സി.പി, ചീപ്പത്തോട്ട്, ചെറൂപ്പ |

| | | | | |
|---|---|---|---|---|
| | | | | |
| 2 | 13/447, 448 | 408 | 15000/- | പാത്തെ, മാവൂർ |
| 3 | 13/439 C | 207 | 5000/- | അബ്ദു റഹിമാൻ.പി, പുൽക്കണ്ടി, മാവൂർ |
| 4 | 13/636 D | 230 | 5000/- | മൊയ്തീൻ.ഇ.കെ, ഖാലിദ്, കരുവൻതൊടിക, മാവൂർ |
| 5 | 12/200 | 265 | 5800/- | മുഹമ്മദ് അലി.കെ, കാരിശ്ശേരി, മാവൂർ |
| 6 | 12/491 | 315 | 8500/- | ശരീഫ, സുബൈദ |

iii)അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. മാവൂർ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) റെഡ് ഗ്രാനൈറ്റ് ഇൻഡസ്ട്രീസ്

2) കുതിരാട് സ്റ്റോൺ ക്രഷർ

3) മൻഹ സാന്റ്

4) മാവൂർ ട്രേഡ് ലിങ്ക്സ്

5) സി.ജെ ഡെന്റൽ ക്ലീനിക്

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/22-23, തീയതി-14.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, മുകളിൽ പരാമർശിച്ച എല്ലാ വിഭാഗക്കാരെയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തി തുടർ വർഷങ്ങളിൽ നികുതി ഈടാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച പുരോഗതി വിവരം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-11 ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം -ലോൺ തുക ബാദ്ധ്യതയായി തുടരുന്നു

മാവൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് കെ.യു.ആർ.ഡി.എഫ്.സി സാമ്പത്തിക സഹായ ത്തോടെ നിർമ്മാണം പൂർത്തീകരിച്ച് 16.05.2019 മുതൽ പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. എസ്റ്റിമേറ്റ് തുകയായ 6,11,11,600/-രൂപയുടെ 90% ആയ 5,50,00,440/- രൂപ കെ.യു.ആർ.ഡി.എഫ്.സി. ലോൺ അനുവദിച്ചു.

കെ.യു.ആർ.ഡി.എഫ്.സി.യുടെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കിയ 25 മുറികൾ 19/07/2017 ന് ലേലം ചെയ്യുകയും ലേലം കൊള്ളുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലേലത്തിന്റെ ഭാഗമായി ആകെ ലേല തുകയായ 3,31,03,000/-രൂപയിൽ ഡെപ്പോസിറ്റിനത്തിൽ 15,80,500/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് തുകയിൽ ഇളവ് അനുവദിക്കുന്നതിനും, ഡെപ്പോസിറ്റ് തുക തിരികെ ലഭിക്കുന്നതിനും ലേലം കൊണ്ടയാളുകൾ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഡെപ്പോസിറ്റ് തുക ലേലം കൊണ്ടവരിൽ നിന്നും ഗഡുക്കളായി അടച്ചു തീർക്കുന്നതിന് അനുമതിക്കായി സർക്കാരിലേക്ക് അയച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ തുടർനടപടികളുടെ പുരോഗതി വിവരം പരിശോധനയ്ക്ക് ലഭ്യമായില്ല. നിലവിൽ ഡെപ്പോസിറ്റ് തുക തിരികെ നൽകുകയോ തുക ലഭിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദമായ വിവരം സംക്ഷിപ്ത രൂപത്തിൽ ലഭ്യമാക്കേണ്ടതാണ്.

വായ്പ കുടിശ്ശിക തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കെ.യു.ആർ.ഡി. എഫ്.സി മാനേജിങ്ങ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടും, സെക്രട്ടറിയും ഉൾപ്പെട്ട യോഗം 24.1.23 ചേരുകയും വിവിധ നിർദ്ദേശങ്ങൾ പരിശോധിക്കുകയും ചെയ്തു. വിവിധ തരത്തിലുള്ള ഗഡുക്കളായി ലോൺ തിരിച്ചടയ്ക്കുന്നത് പഞ്ചായത്തിന് പ്രയാസം സൃഷ്ടിക്കുമെന്നും, പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് നിലവിലുള്ള ലോൺ മുതൽ ബാക്കിയും, പാസ്സാക്കിയ ലോൺ തുകയിൽ കിട്ടാനുള്ള ബാലൻസ് തുകയും ചേർത്ത് 2023 ഏപ്രിൽ മാസം 1 മുതൽ 10 വർഷത്തേക്ക് കാലാവധി നിശ്ചയിച്ച് ലോൺ പുനക്രമീകരിച്ച് തരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും, നിലവിലുള്ള കുടിശ്ശികയായ പലിശത്തുക മുഴുവനായും മാർച്ച് മാസം തന്നെ അടവാക്കുന്നതിന് പഞ്ചായത്ത് തയ്യാറാണെന്നും ഇപ്രകാരം 10 വർഷത്തേക്ക് ലോൺ കാലാവധി പുനക്രമീകരിച്ച് കിട്ടിയാൽ ഗ്രാമ പഞ്ചായത്തിന് കുടിശ്ശിക വരുത്താതെ ലോൺ തിരിച്ചടവ് സാദ്ധ്യമാക്കാൻ കഴിയുമെന്നും മേൽ വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം നൽകണമെന്നാവശ്യപ്പെട്ട് 1.3.23 ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്

കെ.യു.ആർ.ഡി.എഫ്.സി ചെയർമാന് കത്ത് നൽകിയതായി കാണുന്നു.

24.1.23 ലെ മേൽ യോഗത്തിന്റെ മിനിട്ട്സ് പ്രകാരം മുതൽ ഇനത്തിൽ 2,40,37,108/-, പലിശയിനത്തിൽ 1,38,42,800/- പിഴപലിശ 1,23,845/- രൂപയും, ഉൾപ്പെടെ 3,80,03,753/-രൂപ അടവാക്കിയതായി കാണുന്നു. 24.1.23 ലെ മേൽ യോഗത്തിന്റെ മിനിട്ട്സ് പ്രകാരം 1,67,49,211/- രൂപ മുതൽ ഇനത്തിൽ തിരിച്ചടയ്ക്കാനുണ്ട്.

വായ്പാ കുടിശ്ശിക തീർപ്പാക്കുന്ന വിഷയം 2.3.23 ലെ കെ.യു.ആർ.ഡി.എഫ്.സി ഡയറക്ടർ ബോർഡ് ചർച്ച ചെയ്യുകയും ചുവടെ പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുള്ളതായി 23.3.23 ലെ KURDFC/GP/164/2014നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

1-31.12.22 ലെ കുടിശ്ശിക തുകയിലെ പിഴപ്പലിശയായ 20,475/- എഴുതിതള്ളി.

2-31.12.22 ലെ പലിശ കുടിശ്ശിക 10,38,785/- രൂപയും 1.1.23 ലെ മുതൽ ബാക്കിയായ 1,67,49,211/- (1,37,00,781 + 30,48,430) രൂപയുടെ 1.1.23 മുതൽ 31.3.23 വരെയുള്ള പലിശ 4,25,759/- രൂപയും ചേർത്ത് 14,64,544/- രൂപ 31.3.23 ന് മുൻപായി ഗ്രാമപഞ്ചായത്ത് അടവാക്കുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 28.3.23 പ്രസ്തുത തുക (14,64,544/- രൂപ) അടവാക്കിയിട്ടുണ്ട്.

കെ.യു.ആർ.ഡി.എഫ്.സി മാനേജിങ്ങ് ഡയറക്ടറുടെ 4.5.23 ലെ KURDFC/GP/164/2014 നമ്പർ കത്ത് പ്രകാരം 31.03.23 ന് ഗ്രാമപഞ്ചായത്തിന്റെ വായ്പയിൽ മുതലിനത്തിൽ ബാക്കിയായ 1,67,49,211 രൂപ 10 വർഷം കൊണ്ട് (120മാസം) മാസത്തിൽ മുതലും, പലിശയും ഉൾപ്പെടെ 2,12,190/- രൂപ വീതം തിരിച്ചടയ്ക്കുന്നതിൽ പഞ്ചായത്തിന് അനുമതി നൽകുന്ന വിഷയം 12.4.23 ലെ കെ.യു.ആർ.ഡി.എഫ്.സി ഡയറക്ടർ ബോർഡ് പരിഗണിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വാർഷിക പലിശ നിരക്ക് 9% ആയി കുറവ് ചെയ്തിട്ടുണ്ടെന്നും തിരിച്ചടവ് പട്ടിക പ്രകാരം വായ്പ തിരിച്ചടവ് തുടങ്ങേണ്ടതാണെന്നും അറിയിച്ചതായി കാണുന്നു.

| Sl. No | Instal Ment Month | Due Date | Opening Loan Balance | Interest | Principal | Total | Closing Loan Balance |
|---|---|---|---|---|---|---|---|
| 1 | 30.4.23 | 15.5.23 | 16749211 | 123560 | 88630 | 212190 | 16660581 |
| 2 | 31.5.23 | 15.6.23 | 16660581 | 127003 | 85187 | 212190 | 16575394 |
| 3 | 30.6.23 | 15.7.23 | 16575394 | 122277 | 89913 | 212190 | 16485481 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 31.7.23 | 15.8.23 | 16485481 | 125668 | 86522 | 212190 | 16398959 |

തിരിച്ചടവ് പട്ടിക പ്രകാരം വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ 2.5% പിഴ പലിശ ഈടാക്കുന്നതുമാണെന്നും മേൽ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് തിയ്യതി വരെ അടവാക്കിയത് പരിശോധിച്ചതിൽ മേൽ ക്രമ നം. 3,4 ഇൻസ്റ്റാൾമെന്റ് അടവാക്കിയതിന്റെ വിശദാംശം ലഭ്യമല്ല. മേൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കെ.യു.ആർ.ഡി.എഫ്.സി ലോൺ തുക പിഴ പലിശ കൂടാതെ കൃത്യമായി തിരിച്ചടയ്ക്കുന്നതിന് ഭരണസമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി,സെക്രട്ടറി എന്നിവർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-12 ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് നിർമ്മാണം - സ്ഥലം ആർജ്ജിച്ചതിന്റെ വിവരം ലഭ്യമല്ല മറ്റപാകതകളും

സംസ്ഥാന സർക്കാരിന്റെ നവകേരളം പദ്ധതിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് നിർമ്മാണത്തിനായി 2021-22 വർഷം പ്രൊജക്ട് രൂപീകരിക്കുകയും 2023-24 വർഷം പ്രവൃത്തി പൂർത്തീകരിച്ച് 29.7.2023ന് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് - മാവൂർ റോഡിന്റെ വശത്തായി പൊതുജനങ്ങൾക്കും യാത്രക്കാർക്കും എളുപ്പത്തിൽ ആക്സസ്സ് ചെയ്യാൻ കഴിയുന്ന ലൊക്കേഷനിലാണ് വിശ്രമകേന്ദ്രം നിർമ്മിച്ചിട്ടുള്ളത്. പുരുഷൻമാർക്കും സ്ത്രീകൾക്കും രണ്ട് ടോയ്‌ലറ്റ് വീതം, ഭിന്നശേഷിയുള്ളവർക്കായി 1 ടോയ്‌ലറ്റ്, ഫീഡിംഗ് റൂം, റിഫ്രഷ്മെന്റ് സെൻറർ എന്നീ സൗകര്യങ്ങൾ വിശ്രമകേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ടേക്ക് എ ബ്രേക്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായത് മാവൂർ വില്ലേജിലെ മലപ്രം ദേശത്ത് റീസർവ്വേ നമ്പർ 24/4ൽ ഉൾപ്പെട്ട പൊതുമരാമത്ത് റോഡ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മൂന്ന സെന്റ് സ്ഥലമാണ്. കോഴിക്കോട് ജില്ലാ കലക്ടറുടെ 16.1.2022ലെ DCKKD/7572/2020 നമ്പർ നടപടിക്രമത്തിലൂടെ ഈ സ്ഥലത്ത് വിശ്രമ കേന്ദ്രം സ്ഥാപിക്കാൻ താല്ക്കാലിക ഉപയോഗാനുമതി നൽകിയിട്ടുണ്ട്. 3.4.2022ലെ DCKKD/1498/2022/L1 നടപടിക്രമത്തിൽ പദ്ധതിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്താണ് അനുമതി നൽകിയതെന്നും, ഈ ഭൂമി ആറു മാസത്തിനകം ലീസിലൂടെയോ/വാങ്ങൽ നടപടികളിലൂടെയോ റവന്യൂ വകുപ്പിലെ നിലവിലെ ഉത്തരവുകൾ പ്രകാരം ക്രമവത്കരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഭൂമി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയതിന്റെ വിവരം ലഭ്യമല്ല.

2. 11.8.2023ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ടേക്ക് എ ബ്രേക്ക് സന്ദർശിച്ചു. വിശ്രമകേന്ദ്രത്തിലെ വരുമാനതുക ശേഖരിക്കുന്നതിനും ശുചിമുറികൾ വൃത്തിയാക്കുന്നതിനുമായി ഹരിതകർമ്മസേനയിലെ 2 അംഗങ്ങളെ ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയതായി കണ്ടു. സ.ഉ.(സാധാ) നം. 1401/20/ തസ്വഭവ തീയതി 27.7.2020 പ്രകാരം ടേക്ക് എ ബ്രേക്ക് നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തും സംരംഭകയൂണിറ്റും തമ്മിൽ പരിപാലനത്തിന് കരാറിൽ ഏർപ്പെടേണ്ടതാണ്. ടേക്ക് എ ബ്രേക്കിന്റെ പരിപാലനം സംബന്ധിച്ച് ഹരിതകർമ്മസേനയുമായി കരാറിലേർപ്പെട്ടതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3. ടോയ്‌ലറ്റുകൾക്ക് പുറമെ റിഫ്രഷ്മെന്റ് സെൻറർ കൂടി ഉൾപ്പെട്ടിട്ടുള്ള പ്രീമിയം ശുചിമുറി സമുച്ചയമാണ് ഗ്രാമപഞ്ചായത്ത് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ റിഫ്രഷ്മെന്റ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഉദ്ഘാടനം കഴിഞ്ഞ് രണ്ടാഴ്ച കഴിഞ്ഞെങ്കിലും ദിവസേന പത്തിൽ താഴെ ആൾക്കാർ മാത്രമേ ടേക്ക് എ ബ്രേക്കിൽ എത്തുന്നുള്ളൂ. റിഫ്രഷ്മെന്റ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കാനും അതിലൂടെ സ്ഥാപനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും

കഴിയും. എന്നാൽ ഇത്തരത്തിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/2022-23 തീയതി 14.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി സമർപ്പിക്കേ ണ്ടതാണ്.

1-13 ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റാകുന്നത്. വാർഷിക കണക്കുകൾ, ഇ-ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളുടെ ഭാഗമായി പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല. ഇ-ടെണ്ടർ ആരംഭിച്ച 2015-16 വർഷം മുതൽ ഈയിനത്തിലെ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് പോയിട്ടുള്ളത്. ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിക്കുന്ന തുക സ്വീകരിക്കുന്നതിനായി അസി.എഞ്ചിനീയർ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ഈ തുക ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും, നാളിതു വരെ ഈയിനത്തിൽ എത്ര തുക പഞ്ചായത്തിന് ലഭിക്കാനുണ്ടെന്ന വർഷം തിരിച്ച വിവരവും പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 19/2022-23 തീയതി 14.8.2023) മറുപടി ലഭിച്ചില്ല. ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതും ഈ ആവശ്യത്തിലേയ്ക്കായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണ്.

1-14 കണിയാറംപൊയിൽ പാറമ്മൽ തോട് സംരക്ഷണം - പഴയ സ്ലാബ് എടുത്തു മാറ്റാത്തതിനാൽ വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ - 193/23

അടങ്കൽ - 3,00,000, ധനകാര്യ കമ്മീഷൻ ഗ്രാന്റ്
(പ്രത്യേക ഉദ്ദേശ ഗ്രാന്റ്)

കരാറുകാരൻ - മുഹമ്മദ് സാദത്ത്.പി

ചെലവ് - 2.67,861/-, Sanction Order No.299/15.3.23

കണിയാറംപൊയിൽ പാറമ്മൽ തോടിന് മുകളിൽ നിലവിലുള്ള സ്ലാബ് പൊളിച്ച് പുതിയ സ്ലാബിടുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. നീർച്ചാലുകൾ നവീകരിച്ച് വെള്ളത്തിന്റെ ഒഴുക്ക് ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി രൂപീകരിച്ചത്. പ്രൊജക്ട് പ്രകാരം 24 മീ. നീളത്തിൽ സ്ലാബ് നിർമ്മിച്ചിട്ടുണ്ട്. 11.8.2023ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി സ്ഥലം സന്ദർശിച്ചു. തോടിന്റെ പകുതി ദൂരം വരെയാണ് സ്ലാബിടുന്ന പ്രവൃത്തി ചെയ്തിട്ടുള്ളത്. സമീപവീടുകളിലേക്ക് വഴി സൗകര്യം ലഭ്യമല്ലാത്തതിനാൽ പ്രസ്തുത സ്ലാബാണ് വഴിയായി ഉപയോഗിക്കുന്നത്. തോട്ടിൽ സ്ലാബിടാൻ അവശേഷിക്കുന്ന ഭാഗത്ത് പഴയ സ്ലാബ് ചാരി വെച്ചിരിക്കുന്നതിനാൽ മഴക്കാലത്ത് വേസ്റ്റ് അടിഞ്ഞു കൂടി വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുന്നതായി പരിസരവാസി അറിയിച്ചു. പ്രവൃത്തിയുടെ ഇനം 1 ആയി പഴയ ആർസിസി സ്ലാബ് പൊളിച്ച് മാറ്റുന്നതിന് 2.460 ക്യൂബിക് മീറ്ററിന് 3002.32/-രൂപ നിരക്കിൽ 7265.61/- രൂപ കരാറുകാരന് നൽകിയിട്ടുണ്ടെന്നിരിക്കെ പഴയ സ്ലാബിന്റെ ബാക്കി ഭാഗങ്ങൾ തോട്ടിൽ ഒഴുക്ക് തടസ്സപ്പെടുന്ന രീതിയിൽ വെയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. തോടിന്റെ ബാക്കി ഭാഗം പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. ആയത് നവീകരിക്കുന്നതിനായി 2023-24ൽ പ്രൊജക്ട് രൂപീകരിച്ചതായി

കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ പഴയ സ്ലാബ് എടുത്ത് മാറ്റാൻ കരാറുകാരനോട് ആവശ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ചതിന്റെ വിവരവും തോടിന്റെ തുടർ പ്രവർത്തികൾ സംബന്ധിച്ച വിവരവും അറിയിക്കേണ്ടതാണ്.

1-15 പള്ളിയോൾ മഠത്തുംപറമ്പ് റോഡ് - സമഗ്രമായ പദ്ധതി തയ്യാറാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പള്ളിയോൾ മഠത്തുംപറമ്പ് റോഡ് നവീകരണത്തിനായി 2022-23 വർഷം താഴെ പറയും പ്രകാരം 2 പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1. | പ്രൊജക്ട് നമ്പർ - 112/23<br>അടങ്കൽ - 3,50,000, സംരക്ഷണഗ്രാന്റ് (റോഡ്)<br>ചെലവ് - 3,49,858/-, BRN -22160852004401375666 തീയതി 16.3.23<br>ടെണ്ടർ ചെയ്ത തീയതി – 4.1.2023<br>ടെണ്ടർ നിരക്ക് - എസ്റ്റിമേറ്റ് നിരക്ക്<br>കരാറുകാരൻ - രാജേഷ് കുമാർ.കെ<br>ചെയ്ത പ്രവൃത്തി - 0/77 മുതൽ 0/186.58 വരെ റീടാറിംഗ് | 2.3.2023ന് ആരംഭിച്ച പ്രവൃത്തി 6.3.2023ന് പൂർത്തീകരിച്ചു |
| 2 | പ്രൊജക്ട് നമ്പർ - 201/23<br>അടങ്കൽ - 3,94,738, സംരക്ഷണഗ്രാന്റ് (റോഡ്)<br>ചെലവ് - 3,94,738/-കൾ , BRN -22160852004401418445 തീയതി 21.3.23<br>ടെണ്ടർ ചെയ്ത തീയതി - 10.2.2023<br>ടെണ്ടർ നിരക്ക് - 8.3% Above<br>കരാറുകാരൻ - രാജേഷ് കുമാർ.കെ<br>ചെയ്ത പ്രവൃത്തി - 0/186 മുതൽ 0/268.2 വരെ റീടാറിംഗ്, 18.5മീ.നീളത്തിൽ കരിങ്കല്ല് | 2.3.2023ന് ആരംഭിച്ച പ്രവൃത്തി 8.3.2023ന് പൂർത്തീകരിച്ചു.<br>ടെണ്ടർ അധികം നൽകുന്നതിനായി 2023-24 വർഷം പ്രൊജക്ട് നം. 196/24രൂപീകരിച്ച് 32,722രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഉപയോഗിച്ച് സൈഡ്കെട്ടൽ | | |

ഒരേ റോഡിൽ രണ്ട് ചെയിനേജുകളിലായി റീടാറിംഗ് പ്രവൃത്തി ചെയ്യുന്നതിനായി രണ്ടു പദ്ധതികൾ രൂപീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. രണ്ടു വ്യത്യസ്ത പ്രോജക്ടുകളായി രൂപീകരിച്ചതിനാൽ ഇവയുടെ അടങ്കൽ അഞ്ചു ലക്ഷത്തിൽ താഴെ വരികയും, അതിനാൽ ടെണ്ടർ നടപടികൾ മാന്വവൽ ആയി നടത്തുകയും ചെയ്തു. പ്രോജക്ട് സമഗ്രമായി തയ്യാറാക്കിയിരുന്നെങ്കിൽ ഇ-ടെണ്ടർ സാധ്യമാകുകയും കൂടുതൽ കരാറുകാരുടെ പങ്കാളിത്തവും, കുറഞ്ഞ നിരക്കും ഉറപ്പാക്കാമായിരുന്നു. പഞ്ചായത്തിൽ നടത്തിയ ഇ-ടെണ്ടറുകളിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കുകൾ ലഭ്യമായത് ഇവിടെ പ്രസക്തമാകുന്നു. മേൽ പ്രൊജക്ടുകളിൽ ആദ്യത്തെ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിലും രണ്ടാമത്തെ പ്രവൃത്തി 8.3% കൂടിയ നിരക്കിലുമാണ് ഒരേ കരാറുകാരൻ ഏറ്റെടുത്ത് നടത്തിയത്. അടുത്തടുത്ത ചെയിനേജുകളിൽ ഒരേ തീയതിയിലാണ് പ്രവൃത്തി ചെയ്തതെങ്കിലും രണ്ടാമത്തെ പ്രവൃത്തിക്ക് ടെണ്ടർ അധികം ഇനത്തിൽ 27,763/- രൂപ ചെലവഴിക്കേണ്ടി വന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 9/2022-23 തീയതി 14.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിന്റെ സാമ്പത്തിക മിതത്വം ഉറപ്പുവരുത്താത്ത വിധത്തിൽ മേൽ വിവരിച്ച രീതിയിൽ ഒരേ പ്രവൃത്തിക്ക് വ്യത്യസ്ത പ്രോജക്ടുകൾ രൂപീകരിക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്.

## 1-16 റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് - ചെലവ് രേഖകൾ ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - S0 198/23, റോഡ് കണക്റ്റിവിറ്റി മാപ്പിംഗ്

അടങ്കൽ - 54,000, വികസനഫണ്ട് (ജനറൽ)

ചെലവ് തുക - 27,000/- BRN 22160852004400949519 തീയതി 23.12.2022

KSREC തയ്യാറാക്കിയിട്ടുള്ള RTRACK മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് വാർഡ് ഒന്നിന് 3000രൂപ നിരക്കിൽ കണക്കാക്കിയാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി പ്രകാരം വിഷ്ണു.കെ.പി എന്ന വ്യക്തിക്ക് 27,000രൂപ നൽകിയിട്ടുണ്ട്. അസ്സറ്റ് മാപ്പിംഗ് പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ, റോഡ് ട്രാക്ക് ചെയ്യുന്നതിനുള്ള വേതനം നൽകേണ്ടത് മസ്റ്റർ റോൾ പ്രകാരമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 27,000രൂപ ചെലവഴിച്ചതിനാധാരമായ മസ്ററർ റോൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ 18/22-23/14.8.23 നം. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി സമർപ്പിച്ചിട്ടില്ല. തുക ചെലവഴിച്ചതിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ച് റോഡ് കണക്റ്റിവിറ്റി മാപ്പ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 അനുപൂരക പോഷാഹാകാര പദ്ധതി - സിവിൽ സപ്ലൈസ് കോർപ്പറേഷന് അധിക തുക അനുവദിച്ചു.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും, 6 മാസം മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കും പോഷകാഹാരം നൽകി അവരുടെ ശാരീരിക നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് അനുപൂരക പോഷകാഹാരം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭക്ഷ്യ സാധനങ്ങൾ വാങ്ങിയിട്ടുള്ളത് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സപ്ലൈകോയിൽ നിന്നുമാണ്. എന്നാൽ

സാധനങ്ങൾ വാങ്ങിയതിന് ബിൽ തുക അനുവദിച്ചപ്പോൾ യഥാർത്ഥത്തിൽ ലഭ്യമായതിലും അധികമുള്ള സാധനത്തിന് തുക അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 1.അംഗനവാടികളുടെ അനുപൂരക പോഷാഹാര<br>പദ്ധതി എസ്.സി.പി<br>2.അംഗനവാടികളുടെ അനുപൂരക പോഷാഹാര പദ്ധതി ജനറൽ |
| പ്രോജക്ടിന്റെ നമ്പർ | S003/23<br>S003/32 |
| അടങ്കൽ | 1. 16,68,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>2/201961/-(വികസന ഫണ്ട് എസ്.സി.പി ) |
| ചെലവ് | 1. 16,68,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>2/201961/-(വികസന ഫണ്ട് എസ്.സി.പി ) |

മേൽ 2 പദ്ധതികളിലായി സപ്ലൈകോയുടെ ബിൽ - 1104103/221014 Dtd 07.10.22 തുക - 4,99,251/- (S003/23) പ്രകാരമുള്ള ബില്ല്), ബിൽ - 1104103/22901dtd 30.09.2022 തുക -78,392/- (S0032/23) പ്രകാരമുള്ള ബില്ല്) എന്നിവ പ്രകാരം വാങ്ങിയ സാധനങ്ങൾ ഒരുമിച്ചാണ് സ്റ്റോക്കിൽ എടുത്തിട്ടുള്ളത്. (ഭക്ഷ്യ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ-63) എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ മേൽ ബില്ലുകളുടെ തുക അനുവദിച്ചപ്പോൾ സപ്ലൈകോ സമർപ്പിച്ച ബില്ല് പ്രകാരമുള്ള (260 +78 = 338 Kg) സാധനങ്ങൾക്ക് തുക അനുവദിച്ചു. എന്നാൽ യഥാർത്ഥത്തിൽ പ്രസ്തുത ബില്ലിൽ ഉൾപ്പെട്ട ചെറുപയർ വിതരണം നടത്തിയതിലും, സ്റ്റോക്ക് രജിസ്റ്റർ പ്രകാരവും ആകെ ലഭ്യമായിട്ടുള്ളത് 308 കിലോഗ്രാമാണ്. ലഭ്യമാക്കി വിതരണം നടത്തിയ ചെറുപയറിൽ 30 കിലോ ഗ്രാമിന്റെ കുറവുണ്ട്. യഥാർത്ഥത്തിൽ ലഭ്യമാതിലും അധികമുള്ള സാധനത്തിന് തുക അനുവദിച്ചതിനാൽ പ്ലാൻ ഫണ്ട് ഇനത്തിൽ 2,580/-രൂപയുടെ (30kg X 86/-) അധിക ചെലവ് ഉള്ളതായി കാണുന്നു. യഥാർത്ഥത്തിൽ ലഭ്യമായതിലും അധികമുള്ള സാധനത്തിന് തുക അനുവദിച്ചതിന് കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (04/2022 – 23/10.08.2023) ക്ക് ഐ.സി.ഡി.എസ് സൂപ്പർവൈസർ 14.08.2023 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അനുപൂരക പോഷാകാഹാരപദ്ധതിയ്ക്ക് വിവിധ

പദ്ധതികളിൽ നിന്നാണ് ബിൽ ബാക്കി തുക നൽകേണ്ടി വരുന്നതെന്നും, ഓഡിറ്റ് പരാമർശ പ്രകാരം നൽകിയ ബില്ലുകളിലെ ഇന്റന്റ് ഒന്നിച്ചാണ് സപ്ലൈകോയ്ക്ക് നൽകിയതെന്നും അതു പ്രകാരം ഒന്നിച്ചാണ് സ്റ്റോക്ക് രേഖപ്പെടുത്തിയതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ബില്ല് സ്പ്ളിറ്റ് ചെയ്ത സമയത്ത് 30 കിലോ ചെറുപയർ അധികമായി രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടില്ല എന്നും, പ്രസ്തുത വിഷയം സപ്ലൈകോ മാനേജരുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അധികമായി നൽകിയ തുക (30x86 =2580/-) രൂപ പ്രസ്തുത പദ്ധതി തുടർ പദ്ധതിയായതിനാൽ വരും ബില്ലിൽ നിന്ന് നൽകി സെറ്റിൽ, ചെയ്യുകയോ, സപ്ലൈകോ തിരിച്ചടയ്ക്കുകയോ ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ടെന്നും, അടുത്ത് നൽകുന്ന ബില്ലിൽ ഈ തുക കുറവ് ചെയ്ത് നൽകുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

സപ്ലൈകോയ്ക്ക് അധികം നൽകിയ തുക ഇനി നൽകാനുള്ള ബില്ലിൽ കുറവ് ചെയ്യേണ്ടതോ, അല്ലെങ്കിൽ പ്ലാൻഫണ്ടിൽ തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. മേൽ അപാകതയ്ക്ക് തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 അമൃതം ന്യൂട്രിമിക്സ് ബില്ല് - സ്രോതസിൽ നിന്നും ജി.എസ്.ടി .ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോ ദ്യോഗസ്ഥനായ അങ്കണവാടി പോഷകാഹാര(ജനറൽ) അങ്കണവാടി പോഷകാഹാര(എസ്.സി.പി) എന്നീ പദ്ധതികൾ പ്രകാരം ഉണർവ്വ് ഫുഡ് പ്രൊഡക്ടസ് ( District Consortium Of Amrithum Food Suppliment Manufacturing Units) Kudumbasree -Kozhikode എന്ന സ്ഥാപനത്തിൽ നിന്ന താഴെ പറയും പ്രകാരം 'അമൃതം ഫുഡ്' 2.5% CGSTയും, 2.5% SGSTയും ഉൾപ്പെടെ നല്കി വാങ്ങിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ സ്രോതസിൽ നിന്നും ജി.എസ്.ടി .ടി.ഡി.എസ് എന്നിവ ഈടാക്കി സർക്കാരിലേക്ക് അടവാക്കിയതിന്റെ വിശദാംശം ലഭ്യമല്ല. അമൃതം ഫുഡ് വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തിയതി | തുക | CGST @ 2.5% | SGST @ 2.5% | അമൃതം ന്യൂട്രിമിക്സിന് അനുവദിച്ച ബിൽ തുക | ഈടാക്കേണ്ട ജി.എസ്.ടി .ടി.ഡി. എസ് | തുക/ബിൽ സാങ്ഷൻ നമ്പർ/ |
|---|---|---|---|---|---|---|---|
| | പ്രോജക്ട് - 25 /23 | | | | | | |
| 137 | 26/3/22 | 94360 | 2359 | 2359 | 99078 | 1887 | 351768/- 91/ 06/08/22 |
| 140 | 29/4/22 | 139510 | 3487 | 3487 | 146484 | 2790 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 147 | 4/7/22 | 101150 | 2528 | 2528 | 106206 | 2023 | |
| 133 | 28/2/22 | 162120 | 4053 | 4053 | 170226 | 3242 | 170226/- 92/ 06/08/22 |
| 172 | 18/1/23 | 120960 | 3024 | 3024 | 127008 | 2419 | 127008/- 320/ 16/03/23 |
| 167 | 16/12/22 | 125685 | 3142 | 3142 | 131969 | 2514 | 131969/- 391/ 28/03/23 |
| 177 | 16/03/23 | 131355 | 3283 | 3283 | 137922 | 2627 | 260961/- 391/ 28/03/23 |
| 174 | 10/02/23 | 117180 | 2929.5 | 2929.5 | 123039 | 2344 | |
| | പ്രോജക്റ്റ് - 32/23 | | | | | | |
| 123 | 30/10/21 | 18428 | 461 | 461 | 18935 | 369 | 18935/- 97/ 06/08/2022 |
| 125 | 17/11/21 | 17955 | 449 | 449 | 18852 | 359 | 18852/ 150/ 25/10/2022 |
| | പ്രോജക്റ്റ് - 3/23 | | | | | | |
| 157 | 27/9/22 | 152880 | 3822 | 3822 | 160524 | 3058 | 160524/ 150/ 25/10/2022 |
| 153 | 19/08/22 | 161000 | 4025 | 4025 | 169050 | 3220 | 169050/ 184/ 25/10/2022 |
| 160 | 20/10/22 | 152880 | 3822 | 3822 | 160524 | 3058 | 295470/ 206/ 25/10/2022 |
| 164 | 15/11/22 | 128520 | 3213 | 3213 | 134946 | 2570 | |
| | | 1623983 | | | | 32480 | |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും GST, TDS ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം ഉണർവ്വിൽ നിന്നും 'അമൃതം ഫുഡ് വാങ്ങിയപ്പോൾ GST, TDSഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കാതെ മുഴവൻ തുകയും അനുവദിച്ചതായി കാണുന്നു. സ്രോതസിൽ നിന്നും ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും (SGST, CGST)ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി ഈടാക്കാത്തതിന് കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (3/2022 -23 /10.08.2023)ക്ക് 14.08.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം ജി.സി.ടി ഈടാക്കണമെന്ന് അറിയില്ലായിരുന്നുവെന്നും അറിവില്ലായ്മ മാപ്പാക്കണമെന്നും വരും ബില്ലുകളിൽ നിന്നും റ്റി.ഡി.എസ് ഈടാക്കികൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്.

ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും (SGST, CGST) ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി തുടർന്നുള്ള ബില്ലുകളിൽ നിന്ന് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 പകൽ വീട് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | പകൽവീട് |
| പ്രോജക്ടിന്റെ നമ്പർ | S0140/23 |

| | |
|---|---|
| അടങ്കൽ | 1,50,000/- |
| ചെലവ് | 24995/- |
| ബിൽ സാങ്ഷൻനമ്പർ നം/തീയതി | 408/28/03/2023 |

പകൽ വീട്ടിലേക്ക് ആവശ്യമായ പാത്രങ്ങളും, ഫർണിച്ചറുകളും വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയിൽ പാത്രങ്ങൾ വാങ്ങുന്നതിനായി ലിമിറ്റിഡ് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങി സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. ഫർണിച്ചറുകൾ റേറ്റ് കോൺട്രാക്ട് സ്ഥാപനമായ ARTCO യിൽ നിന്ന് വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട് (ക്യൂ- ബിൽ - 77/22/7/23-Amt-99,849/-). എന്നാൽ പകൽ വീട് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

11.08.2023 ന് ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ പദ്ധതി പ്രകാരം വാങ്ങിയ ഫർണ്ണിച്ചറുകൾ അടച്ചിട്ട പകൽവീട്ടിൽ കൂട്ടിയിട്ടിരിക്കുന്നതായും, പാത്രങ്ങൾ പെട്ടിപൊളിക്കാതെ അടുക്കിവെച്ചതായും കണ്ടു.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം. 11/18ത.സ്വ.ഭ.വ. തിയ്യതി 29.1.18, 6.5.6 പ്രകാരം പകൽ വീട് ആരംഭിക്കുന്നതിനായി പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായി പ്രവർത്തന ക്ഷമമാക്കിയതിന് ശേഷം ആവശ്യമുണ്ടെങ്കിൽ മാത്രമേ ഇതിനായി പുതിയ പ്രോജക്റ്റുകൾ ഏറ്റെടുക്കാൻ പാടുള്ളൂ. മാർഗ്ഗരേഖാ വിരുദ്ധമായി പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സ്ഥാപനത്തിൽ സാധനങ്ങൾ തിടുക്കത്തിൽ വാങ്ങിയത് മൂലം ടി ഉപകരണങ്ങളുടെ ഗുണമേന്മ നഷ്ടപ്പെടുന്നതിനും വാറന്റി കാലാവധി കാലഹരണപ്പെട്ടുപോകുന്ന സ്ഥിതിയും ഉണ്ടാകുന്നു. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാതെ സാധനങ്ങൾ വാങ്ങിയതിനും, പകൽ വീട് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിനും മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (14/2022 – 23/14.08.2023)ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ പകൽവീടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായാണ് ഫർണിച്ചറുകളും, പാത്രങ്ങളും അനുബന്ധ സാധനങ്ങളും വാങ്ങിയിട്ടുള്ളതെന്നും, 2023 -24 ലെ പദ്ധതി അംഗീകരിച്ച് വന്ന മുറയ്ക്ക് കെയർഗിവറുടെ നിയമനത്തിനായി ഇന്റർവ്യൂ നടത്തി കെയർഗിവറെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും, പർച്ചേസ് നടത്തിയ സാധനങ്ങളുടെ വാറന്റി പിരീഡ് കാലഹരണപ്പെട്ട് പോകുന്നതിന് മുൻപ് പകൽവീട് പ്രവർത്തനം ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതുവരെ പദ്ധതിയ്ക്കായി ചെലവഴിച്ച തുക 24,995/-രൂപ

തടസ്സത്തിൽ വെയ്ക്കുന്നു. പകൽവീടിന്റെ പ്രവർത്തനം ആരംഭിച്ച് തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-20 ഹോമിയോ ആശുപത്രയിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി നടപ്പിലാക്കുന്നതിനായി സംരക്ഷണ ഗ്രാന്റ് (റോഡിതരം ) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ ഹോമിയോ ആശുപത്രിയിൽ നിന്നുള്ള നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റിന്റെയും, ഹോംകോയുമായുള്ള കരാറിന്റെയും (HCO/SA/472/2023/31/01/2023) അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ |
| പ്രോജക്ടിന്റെ നമ്പർ | S0019/23 |
| അടങ്കൽ | 2,00,000/- (സംരക്ഷണ ഗ്രാന്റ് - റോഡിതരം) |
| ചെലവ് | 2,00,000/- |
| ബിൽ സാങ്ഷൻനമ്പർ നം/തീയതി | 173/24/11/2022 |

മേൽ പദ്ധതി പ്രകാരം നാളിതുവരെ 89,068/-രൂപയുടെ ഹോമിയോ മരുന്ന് മാത്രമാണ് ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുള്ളത്. 1,10,932/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (02/2022 – 23/07.08.2023) ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ 08/08/2023 ന് ലഭ്യമാക്കിയ മറുപടിയിൽ ഹോംകോയുമായുള്ള കരാറിന്റെയും (HCO/SA /472/2023/31/01/2023) അടിസ്ഥാനത്തിൽ 01/02/2023 നാണ് പണം കൈമാറിയിട്ടുള്ളതെന്നും, മരുന്ന

ലഭിക്കാത്തതുമായി ബന്ധപ്പെട്ട് നിരവധി കത്തുകൾ ഇ-മെയിൽ മുഖേന അയിച്ചിട്ടുണ്ടെന്നും, ഹോംകോയുമായി ബന്ധപ്പെട്ട് എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മരുന്ന് പൂർണ്ണമായി ലഭിക്കാത്തതിനാൽ മരുന്ന് ലഭിക്കാനുള്ള തുകയായ 1,10,932/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അവശ്യ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-21 എം.ജി.എൻ.ആർ.ഇ.ജി.എ മെറ്റീരിയൽവർക്ക്- ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എ വാർഷിക പദ്ധതികൾ പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ ചമച്ചിട്ടുള്ളതും 2022-23 സാമ്പത്തിക വർഷം ചെലവ് വന്നിട്ടുള്ളതുമായ ചുവടെ പട്ടികയിൽ കൊടുത്ത മെറ്റീരിയൽ വർക്കുകളിൽ നിന്നും 2% ജി.എസ്.ടി, ടി.ഡി.എസ് ആയി ഈടാക്കാതെയാണ് ബിൽ തുക കരാറുകാർക്ക് നൽകിയിട്ടുള്ളത് എന്ന് കാണുന്നു.

| ക്രമ നം | മെറ്റീരിയൽ വർക്കിന്റെ പേര്, (കോഡ് നം.) | പ്രവൃത്തി ഏറ്റെടുത്ത വർഷം | ബിൽ നം (FTO Number & Date) | ബിൽ തുക (Total Bill Amount) | എം ബുക്ക് പ്രകാരം മെറ്റീരിയലിനായി ചെലവായ തുക | ഈടാക്കേണ്ട GST |
|---|---|---|---|---|---|---|
| 1 | മഞ്ഞക്കോട്ട് കക്കാട്ടിരി റോഡ് കോൺക്രീറ്റ് (329964) | 2021-22 | 0121EATPAYREQ 31032023165278 (31-03-2023) | 421448 | 364332 | 7287 |
| 2 | എടലക്കണ്ടി കുറ്റിച്ചാൽ റോഡ് കോൺക്രീറ്റ് (329866) | 2021-22 | 0121EATPAYREQ 2811202216289 (28-11-2022) | 393721 | 320561 | 6412 |

| | | | |
|---|---|---|---|
| | ആകെ | | 13,699/- |

മെറ്റീരിയൽ വർക്കുകളുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകേണ്ട താണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/2022-23, തീ-11.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തികൾക്ക് പുറമെ ഓഡിറ്റ് വർഷം ഇത്തരത്തിൽ നടത്തിയ എല്ലാ വർക്ക് ബില്ലുകളിൽ നിന്നും ജി.എസ്.ടി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല

കെ.എസ്.ഇ.ബിയുടെ മാവൂർ സെക്ഷനിൽ നിന്നുള്ള ഡിമാന്റ് നോട്ടീസുകളുടെ അടിസ്ഥാനത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 5,72,917/- രൂപ അടവാക്കിയിട്ടുണ്ട്. മാസം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| മാസം | അടവാക്കിയ തുക |
|---|---|
| 05/2022 | 46,327 |
| 06/2022 | 58,293 |
| 07/2022 | 56,683 |
| 08/2022 | 46,649 |
| 09/2022 | 53,774 |
| 10/2022 | 42,126 |
| 11/2022 | 60,476 |
| 12/2022 | 36,819 |
| 01/2023 | 42,474 |
| 02/2023 | 55,322 |
| 03/2023 | 73,974 |

| | |
|---|---|
| ആകെ | 5,72,917 |

എന്നാൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവിളക്കുകളുടെ എണ്ണം, തരം എന്നിവ തീർച്ചപ്പെടുത്താതെയാണ് 2022-23 വർഷത്തിൽ വൈദ്യുതി ചാർജ്ജ് അടവാക്കിയിട്ടുള്ളത്. സ്ഥാപനത്തിലെ തെരുവുവിളക്ക് രജിസ്റ്ററിൽ 2022-23 വർഷത്തെ തെരുവിളക്കുകളുടെ എണ്ണം, തരം, സ്ഥാനം എന്നിവയും രേഖപ്പെടുത്തിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/2022-23 തീയതി-14.08.2023) മറുപടി ലഭിച്ചിട്ടില്ല. കെ.എസ്.ഇ.ബിയുമായി ചേർന്ന് തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകളും, ആയതിന്റെ അടിസ്ഥാനത്തിൽ തെരുവിളക്കുകളുടെ എണ്ണം, തരം, സ്ഥാനം എന്നിവ വ്യക്തമാക്കുന്ന തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

### 1-23 വീട് റിപ്പയർ(ജനറൽ)-രേഖകൾ സൂക്ഷിപ്പിലെ അപാകതകൾ

നിർവഹണം : വി.ഇ.ഒ

പ്രൊജക്റ്റ് നമ്പർ : 7/22-23

ഫണ്ട് : കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്

അടങ്കൽ : 18,00,000 /-

ചെലവ് : 12,75,000/-

| ബിൽ: വി.ഇ.ഒ പ്രൊജക്റ്റ് നമ്പർ | തീയതി | തുക |
|---|---|---|
| 231/ 22-23 | 24.01.2023 | 3,25,000 |
| 245/ 22-23 | 08.02.2023 | 1,00,000 |
| 260/ 22-23 | 25.02.2023 | 75,000 |

| | | |
|---|---|---|
| 276/ 22-23 | 03.03.2023 | 50,000 |
| 280/ 22-23 | 06.03.2023 | 50,000 |
| 281/ 22-23 | 06.03.2023 | 1,50,000 |
| 325/ 22-23 | 17.03.2023 | 25,000 |
| 323/ 22-23 | 17.03.2023 | 2,00,000 |
| 401/ 22-23 | 28.03.2023 | 75,000 |
| 365/ 22-23 | 28.03.2023 | 1,75,000 |
| 421/ 22-23 | 30.03.2023 | 50,000 |
| ആകെ | | 12,75,000 |

ഗ്രാമപഞ്ചായത്തിലെ ജനറൽ വിഭാഗത്തിൽപ്പെട്ട 36 ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം വീട് പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. സബ്സിഡി/ധനസഹായം മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ, തീ-28.05.2022, ഖണ്ഡിക 6.7(4) പ്രകാരം വീട് പുനരുദ്ധാരണത്തിന് ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി തുക 1,00,000/- രൂപയാണ്. പണി പൂർത്തിയാക്കിയ ശേഷം ബന്ധപ്പെട്ട ഓവർസിയർ/എഞ്ചിനിയർ മൂല്യനിർണ്ണയം നടത്തി വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകണം. പ്രോജക്ട് ഫയൽ, രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനിൽ 50,000/-രൂപ കൈപ്പറ്റി പണി പൂർത്തിയാക്കിയ താഴെ പറയുന്ന 29 ഗുണഭോക്താക്കളുടെ ഫയലിൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ്, വാർഡ് മെമ്പറുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല.

| ക്രമ നമ്പർ | പേര്, വിലാസം | വാർഡ് നമ്പർ |
|---|---|---|
| 1 | ആയിഷ.വി,<br>ആയഞ്ചേരി മീത്തൽ,<br>കണ്ണിപറമ്പ് | 5 |
| 2 | ആമിന,<br>മൂലക്കടവത്ത്,<br>തെങ്ങിലക്കടവ് | 5 |
| 3 | ആയിഷ,<br>അസൈൽ,<br>മീമുള്ളപാറ, | 12 |

| | | |
|---|---|---|
| | മാവൂർ | |
| 4 | ഫാത്തിമ,<br>പാറമ്മൽ,<br>തോൾകുഴി,<br>മാവൂർ | 13 |
| 5 | അബ്ദുൾ സലീം,<br>പറമ്പൻ തളത്തിൽ,<br>പാറമ്മൽ,<br>മാവൂർ | 13 |
| 6 | പ്രഭാകരൻ,<br>പുന്നപുറത്ത് മീത്തൽ,<br>കണ്ണിജാനകി,പറമ്പ | 16 |
| 7 | സൗമിനി,<br>പള്ളിയാട് പുറത്ത്,<br>പള്ളിയോൾ,<br>മാവൂർ | 8 |
| 8 | സരോജിനി,<br>പുളിക്കൽ,<br>കായലം | 17 |
| 9 | കോമളവല്ലി,<br>കല്ലുള്ളതൊടികയിൽ | 1 |
| 10 | ശാന്ത,<br>കുനിച്ചുമാട്ടുമ്മൽ,<br>കണ്ണിപറമ്പ | 7 |
| 11 | ജാനകി,<br>രജിത,<br>വലിയാമ്പുറത്ത്,<br>ചെറൂപ്പ | 3 |

| | | |
|---|---|---|
| 12 | ശ്രീജ.എം.എം,<br>ചാലിൽ,<br>പുതിയോടത്ത്,<br>ഊർക്കടവ് | 17 |
| 13 | യശോദാമ്മ,<br>കാക്കേശ്ശേരി പൊയിൽ | 9 |
| 14 | ആയിഷ,<br>പടിഞ്ഞാറെ കുളാമ്പലത്ത്,<br>കറ്റിക്കടവ് | 4 |
| 15 | കമല.പി,<br>പേരാപ്പിൽ,<br>കണ്ണിപറമ്പ് | 6 |
| 16 | ബാലകൃഷ്ണൻ,<br>മലപ്രം,<br>ചെറൂപ്പ | 1 |
| 17 | മാധവി,<br>ഇയത്തിങ്കൽ,<br>മെതൽ,<br>കണ്ണിപറമ്പ് | 6 |
| 18 | ശ്രീധരൻ,<br>ചക്കിട്ടക്കണ്ടിയിൽ,<br>കൽപ്പള്ളി | 15 |
| 19 | സുഹറാബി,<br>കച്ചേരി പറമ്പിൽ,<br>കണ്ണിപറമ്പ | 14 |
| 20 | കൗസല്യ,കിളിയങ്ങൽ,<br>വളയന്നൂർ,<br>ചെറൂപ്പ | 2 |
| 21 | വേലായുധൻ,<br>പാറക്കൽ വീട് | 12 |

| | | |
|---|---|---|
| 22 | വിജയകുമാരി,<br>ചാത്താംകുഴി,<br>കണ്ണിപറമ്പ് | 12 |
| 23 | ജാനകി,<br>കിളിയങ്ങൽ | 2 |
| 24 | മൂസ,<br>എടവലത്തിൽ,<br>മാവൂർ | 18 |
| 25 | സതി പൊന്നയാൻ,<br>പണ്ടാരത്തിൽ | 7 |
| 26 | ശാരദ.പി,<br>പാറയിൽ മേത്തൽ,<br>മാവൂർ | 18 |
| 27 | വിനോദ് കുമാർ.എ.കെ,<br>ഉരുളാംകുഴി,<br>കൽപ്പള്ളി | 15 |
| 28 | ശംഭുദാസ്.പി,<br>അയനിക്കാട് വീട്,<br>മാവൂർ | 9 |
| 29 | ആയിശക്കുട്ടി,<br>പനത്തോട്,<br>മാവൂർ | 11 |

രണ്ടു ഗഡുക്കളായി 50,000/- രൂപ കൈപ്പറ്റി പണി പൂർത്തിയാക്കിയ 29 ഗുണഭോക്താക്കളുടെ വീട് റിപ്പയറിംഗിന്റെ ഓവർസിയർ/എഞ്ചിനിയർ മൂല്യനിർണ്ണയം നടത്തിയ വാല്യുവേഷൻ സർട്ടിഫിക്കറ്റ്, വാർഡ് മെമ്പറുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പ്രോജക്ട് ഫയലിൽ സൂക്ഷിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-13/22-23, തീ-14.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരമുള്ള രേഖകൾ

പരിശോധിച്ചുറപ്പാക്കാതെ സബ്സിഡി മുഴുവൻ നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-24 അപകടാവസ്ഥയിലുള്ള കെട്ടിടത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നു.

ബഡ്സ് സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം ഒരുക്കൽ(53/23) എന്ന പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഉപകരണങ്ങളുടെ ഉപയോഗം മനസ്സിലാക്കുന്നതിന് ഓഡിറ്റിന്റെ ഭാഗമായി 11-8-23ന് സ്കൂൾ സന്ദർശിച്ചു. പ്രസ്തുത സന്ദർഭത്തിൽ സ്കൂളിന്റെ വരാന്തയിലെ ഒരു ഭാഗത്ത് സീലിംഗ് അടർന്നു വീണതായി കണ്ടു. നിലവിൽ ബഡ്സ് സ്കൂളിനെ ആശ്രയിക്കുന്ന 66 കുട്ടികളാണുള്ളത്. സമീപത്തുള്ള മൂന്ന് പഞ്ചായത്തുകളിലെ (ചാത്തമംഗലം, പെരുവയൽ, വാഴയൂർ) കുട്ടികൾ കൂടി മാവൂർ പഞ്ചായത്തിലെ ബഡ്സ് സ്കൂളിനെയാണ് ആശ്രയിക്കുന്നത്. അതിൽ നാല്പതിലധികം പേർ ദിവസേന സ്കൂളിൽ വരുന്നുണ്ട്. 31-7-2023 ന് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം സൂപ്പർ സ്ട്രക്ചറിലും, റൂഫിലും വിള്ളലുകളുള്ളതിനാൽ സ്കൂൾ പ്രവർത്തിക്കാൻ യോഗ്യമല്ലെന്ന് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

സ്ഥാപനത്തിലെ ശിലാഫലകം പ്രകാരം ബഡ്സ് സ്കൂൾ സ്ഥാപിച്ചത് 28-1-1977ലാണ്. നിലവിൽ കെട്ടിടത്തിന് 46 വർഷം പഴക്കമുണ്ട്. 2020-21 വർഷം പ്രസ്തുത കെട്ടിടത്തിൽ 220/21 (സ്പിൽ ഓവർ) പ്രോജക്ട് പ്രകാരം 11 ലക്ഷം രൂപ വകയിരുത്തി (100000 (CFC Grant)+900000 (BLOCK SHARE) 9,52,670/- രൂപ ചെലവിൽ കെട്ടിടം മോടി കൂട്ടുന്നതിനായി എ.സി.പി പാനലിംഗ്, സ്റ്റെയിൻലസ് സ്റ്റീൽ ഹാന്റ് റെയിൽ, സ്റ്റെയിൻലസ് സ്റ്റീൽ ലെറ്റേർസ്, മൾട്ടി പർപ്പസ് സിമന്റ് ബോർഡ് പാർട്ടീഷൻ എന്നിവയും, പെയിന്റിംഗ്, ടോയ്‌ലെറ്റ് ബ്ളോക്ക് നിർമ്മാണം, ഒന്നാം നിലയിൽ കോൺഫറൻസ് ഹാൾ നവീകരണം എന്നിവയും നടത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ സ്കൂൾ പ്രവർത്തിക്കാൻ യോഗ്യമല്ലെന്ന് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് നൽകിയ സാഹചര്യത്തിൽ പ്രസ്തുത ചെലവ് പാഴ്ചെലവായി മാറിയിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (6/11-8-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിരമായി ബഡ്സ് സ്കൂൾ പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയത്തിലുണ്ടായ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 ഫിഷറീസ് മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

ഉൾനാടൻ മത്സ്യ ബന്ധന മേഖലയിൽ മത്സ്യതൊഴിലാളികൾ ഉള്ള പഞ്ചായത്ത് പരിധിയിൽ മത്സ്യ സംരക്ഷണ മേഖലയിൽ 2022-23 വർഷം പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടില്ല. മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2020-21, 2021-22 വർഷങ്ങളിലും ഈ മേഖലയിൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. പതിനാലാം പഞ്ച വത്സര പദ്ധതിയുടെ സ്റ്റാറ്റസ് റിപ്പോർട്ടിൽ മത്സ്യ ബന്ധന മേഖലയിലെ അവസ്ഥാ വിശകലനം ചർച്ച ചെയ്ത് വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല.

മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന്, ജി.ഒ.(പി) 14/2020/ആ.സാ.വ തിയ്യതി- 18.05.20 നമ്പർ മാർഗ്ഗ രേഖ പ്രകാരമുള്ള സുഭിക്ഷ കേരളം പദ്ധതിയിലുള്ള സർക്കാർ നിർദ്ദേശവും പാലിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരമുള്ള ഗ്രാമ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലാ നിർവ്വഹണത്തിനായി കുളത്തിലെ മത്സ്യ സമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലേയും ക്ഷാര ജലത്തിലേയും മീൻ വളർത്തലും നടപ്പാക്കുക, മത്സ്യകുഞ്ഞുങ്ങളുടെ ഉത്പാദനവും വിതരണവും വികസിപ്പിക്കുക, മീൻ പിടിത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക, മത്സ്യ വിപണനത്തിനുള്ള സഹായം നൽകുക, മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ നൽകുക, മത്സ്യ തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക എന്നിവ നിർവ്വഹിക്കേണ്ടതുണ്ട്. കൂടാതെ സ.ഉ.കൈ.നം.115/2022/ ത.സ്വ.ഭ.വ തീ 28/05/2022 സബ്സിഡി മാർഗ്ഗരേഖ ഖ.6.4 (സി) പ്രകാരം മത്സ്യവിപണനം-സമുദ്ര ഉൾനാടൻ മേഖലയിൽ മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ, മത്സ്യ വിൽപ്പനയ്ക്കായി ഐസ് ബോക്സ് വിതരണം, മത്സ്യ വിൽപ്പനയ്ക്കായി ഇരുചക്ര മോട്ടോർ വാഹനവും ഐസ് ബോക്സും വിതരണം, എന്നീ പ്രോജക്ടുകളും, സ.ഉ. (കൈ) നം.84/2022/ LSGD തീ 19/4/2022 രൂപീകരണ മാർഗ്ഗരേഖ ഖ 8.3 പ്രകാരം സമുദ്ര ഉൾനാടൻ മത്സ്യ സമ്പത്തിന്റെ പരിപോഷണം, മത്സ്യോൽപ്പാദനം, ഹാച്ചറി, മത്സ്യാധിഷ്ഠിത മൂല്യവർധിത ഉൽപ്പന്നങ്ങൾ, വിപണനം, മത്സ്യമേഖലയിലെ സേവനങ്ങൾ എന്നീ മേഖലകളിൽ തൊഴിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ ,മത്സ്യ വിപണനത്തിന്റെ ആധുനികവത്കരണം, പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക വികാസത്തിനും പുനരധിവാസത്തിനുമുള്ള പ്രോജക്ടുകൾ തുടങ്ങി മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട വിവിധങ്ങളായ പ്രോജക്ടുകളുടെ സാധ്യതകൾ ഉണ്ടായിട്ടുപോലും ഈ മേഖലകളിലൊന്നും തന്നെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യ പ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(17/14-8-23) മറുപടി നൽകിയിട്ടില്ല. തുടർ വർഷങ്ങളിൽ പ്രസ്തുത മേഖലയിൽ വികസനം

ലഭ്യമാകുന്ന രീതിയിൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കി അറിയിക്കേണ്ടതാണ്.

1-26 വനിതാ ഘടകപദ്ധതി - പദ്ധതികൾ രൂപീകരിച്ചതിൽ അപാകത

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി താഴെ കൊടുത്തിരിക്കും പ്രകാരം 22-23 വർഷത്തിൽ മാവൂർ ഗ്രാമ പഞ്ചായത്തിൽ 7 പ്രോജക്ടുകളിൽ തുക വകയിരുത്തി താഴെ കൊടുത്ത പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നംപർ/പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | 142/23 സുഗന്ധ ഗ്രാമം വനിത (ഞങ്ങളും കൃഷിയിലേക്ക്) | 90000(വികസന ഫണ്ട്) |
| 2 | 143/23 എല്ലാ വീട്ടിലും അടുക്കള തോട്ടം - വനിത (ഞങ്ങളും കൃഷിയിലേക്ക്) | 199980(വികസന ഫണ്ട്) |
| 3 | 164/23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വനിത | 1050000(വികസന ഫണ്ട്) |
| 4 | 172/23 അടുക്കള മുറ്റത്തെ കോഴിവളർത്തൽ - വനിത | 180000(വികസന ഫണ്ട്) |
| 5 | 182/23പോത്തുകുട്ടി വിതരണം -വനിത | 1072500(വികസന ഫണ്ട്) |
| 6 | 192/23 ഭിന്നശേഷി കുടുംബത്തിന് കോഴി വിതരണം | 204000(വികസന ഫണ്ട്) |
| 7 | 200/23 വാഴകൃഷിക്ക് രാസവളം വനിത | 154992(വികസന ഫണ്ട്) |

പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)സ.ഉ (കൈ)നം.84/2022/തസ്വഭവ.തീ.19-4-22 ഖണ്ഡിക 5.4.1(9) പ്രകാരം വികസനഫണ്ടിന്റെ 10% തുക വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം. ഖണ്ഡിക 6.3 പ്രകാരം സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണ്ണായക ലിംഗ പദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനാണ് വനിതാഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതാഘടക പദ്ധതി എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. ഇതിന്റ ഭാഗമായി ജെൻഡർ റിസോഴ്സ് സെന്റർ, കമ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്റർ, ജെൻഡർ ഡസ്കുകൾ, ജാഗ്രതാ സമിതി, സ്ത്രീ പദവി പഠനം എന്നീ സഹായക സംവിധാനങ്ങൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കേണ്ടതാണ്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകളുടെ തൊഴിൽ,വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർബാങ്ക്, വിപണന കേന്ദ്രങ്ങൾ, ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രൊജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കൊണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ.

എന്നാൽ തൻവർഷം ഈ മേഖലയിൽ തുക വകയിരുത്തി നടപ്പിലാക്കിയ പ്രോജക്ടുകൾ എല്ലാം തന്നെ ജനറൽ പ്രോജക്ടുകളിൽ ഉൾപ്പെടുത്താവുന്നവയാണ്. അപാകതയ്ക്ക് മറുപടി

നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (16/14-8-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ച് തുടർ വർഷങ്ങളിൽ പ്രോജക്ട് നടപ്പിലാക്കി അറിയിക്കേണ്ടതാണ്.

1-27 സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ - വിനിയോഗ വിവരം ലഭ്യമല്ല.

സെക്രട്ടറി നടപ്പിലാക്കിയ 175/23 എന്ന പ്രൊജക്ട് മുഖേന വാർഡ് 10 ൽ കിടാപ്പിൻകുന്ന് സൗത്ത് അരയങ്കോട് റോഡിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിന് മാവൂർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം 99,964/- രൂപ (ബിൽ നം.224/18-1-23-വികസന ഫണ്ട്) മാവൂർ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

99,964/- രൂപയുടെ വിനിയോഗ വിവരം KSEB അറിയിച്ചിട്ടില്ല. ഈ പദ്ധതിയുടെ നിലവിലെ അവസ്ഥയും വിനിയോഗ വിവരവും ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(15/14-8-23) മറുപടി നൽകിയിട്ടില്ല. വിനിയോഗവിവരം ലഭ്യമാക്കുന്നതുവരെ 99,964/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-28 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 164/23 |
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വനിത. |
| അടങ്കൽ | 210,00,00/- (1050000 വികസനഫണ്ട് ജനറൽ+ 1050000 മറ്റുള്ളവ ) |
| ചെലവ് | 1050000 (വികസന ഫണ്ട് ജനറൽ) |
| ബിൽ നം/തീയതി | 291/15-3-23 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 4 - 6 മാസം വരെ പ്രായമുള്ള 84 കന്നുകുട്ടികളെ തെരഞ്ഞെടുത്ത് 32 മാസം വരെ ശാസ്ത്രീയ തീറ്റ നൽകി വളർത്തി ആരോഗ്യമുള്ള കാലി സമ്പത്ത് വളർത്തുക എന്നതാണ് ലക്ഷ്യം. പ്രസ്തുത ലക്ഷ്യം മുൻനിർത്തി പ്രൊജക്ട് പ്രകാരം 84 കന്നുകുട്ടികളുടെ പരിപാലനത്തിനായി പഞ്ചായത്ത് വിഹിതവും സംസ്ഥാന വിഹിതവുമുൾപ്പെടെ വികസന ഫണ്ടിൽ നിന്നും 10,50,000/-രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് അസി.ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന്

അടവാക്കിയിട്ടുണ്ട്. തുക അസി.ഡയറക്ടർ കൈപ്പറ്റിയതിന്റെ രശീതി, നാളിതുവരെയുള്ള വിനിയോഗവിവരം, ഭൗതിക പുരോഗതി റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

ഏപ്രിൽ മാസം 2023ന് ആരംഭിച്ച കന്നുകുട്ടി പരിപാലന പദ്ധതിയുടെ കാലിത്തീറ്റ വിതരണം സംബന്ധിച്ച് മാവൂർ ക്ഷീര സഹകരണ സംഘം സൂക്ഷിച്ച വ്യക്തിഗത നാൾവഴി പരിശോധിച്ചപ്പോൾ ജൂലൈ മാസം 2023 വരെ കന്നുകുട്ടികൾക്ക് തീറ്റ വിതരണം നടത്തിയതായി കണ്ടു. എന്നാൽ 49ാമത്തെ ഗുണഭോക്താവായ പാത്തുമ്മ കോഞ്ഞാലിക്കോട്ടുമ്മൽ എന്നവരുടെ കന്നുകുട്ടിയ്ക്കുള്ള തീറ്റ മെയ് മാസം 2023 വരെ മാത്രമേ വാങ്ങിയിട്ടുള്ളൂ. ടിയാരിയുടെ കന്നുകുട്ടി ചത്തു പോയതായി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. ടിയാരിയുടെ കന്നുകുട്ടിക്കുവേണ്ടി അടവാക്കിയ തുകയും പദ്ധതി പൂർത്തീകരിക്കുന്ന കാലയളവിനുള്ളിൽ ഏതെങ്കിലും ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിൻവാങ്ങുകയാണെങ്കിൽ അവരുടെ വിഹിതവും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ച് ഈടാക്കിയ തുക സർക്കാരിലേക്കടവാക്കി അറിയിക്കേണ്ടതാണ്.

1-29 എല്ലാ വീട്ടിലും അടുക്കളത്തോട്ടം -പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 143/23 |
| പ്രോജക്ടിന്റെ പേര് | എല്ലാ വീട്ടിലും അടുക്കളത്തോട്ടം - വനിത (ഞങ്ങളും കൃഷിയിലേക്ക്) |
| അടങ്കൽ | 199980/- (വികസനഫണ്ട് ജനറൽ) |
| ചെലവ് | 199980/- (വികസനഫണ്ട് ജനറൽ) |
| ബിൽ നം/തീയതി | 193/8-12-22 |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

എല്ലാ വീട്ടിലും അടുക്കളത്തോട്ടം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 18 വാർഡുകളിലേയും വീടുകളിലെ വനിതകൾക്ക് ഒരു വാർഡിൽ ഏകദേശം 350 വീടുകളിലെങ്കിലും പച്ചക്കറി തൈ വിതരണം നടത്തുന്നതിനാണ് പ്രോജക്ട് നടപ്പിലാക്കിയത്. ഇതിനായി മാവൂരിലുള്ള ചാലിപ്പാടം - പുഞ്ചപ്പാടം ഇക്കോഷോപ്പിൽ നിന്നും ഒരു യൂണിറ്റിന് 3 രൂപ നിരക്കിൽ 33330 പച്ചക്കറി തൈകൾ വാങ്ങി വിതരണം നടത്തുകയാണ് ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിനായി ഓരോ വാർഡിലും വാർഡ് മെമ്പർമാർ കമ്മറ്റി ചെയർപേഴ്സണായി കർഷകരും സാമൂഹ്യപ്രവർത്തകരും മറ്റു പ്രതിനിധികളും അടങ്ങുന്ന ഒരു കമ്മറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മറ്റി ചെയർമാൻ എന്ന നിലയിൽ വാർഡ് മെമ്പർമാർ മുഖേനയാണ് എല്ലാ വാർഡിലും പച്ചക്കറി തൈകൾ വിതരണം നടത്തിയിരിക്കുന്നത്. ആയതിനാൽ ഓരോ വാർഡിലും പച്ചക്കറി തൈകൾ കൃഷി ഭവനിൽ നിന്നും വാങ്ങി ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തതായുള്ള വാർഡ് മെമ്പറുടെ സാക്ഷ്യപത്രം മാത്രമാണ്

ഫയലിൽ ലഭ്യമായിട്ടുള്ളത്. സ.ഉ (കൈ)നം.84/2022/ തസ്വഭവ. തീ. 19.4.22 പതിനാലാം പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.3 പ്രകാരം പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകളിലെ ഗുണഭോക്താക്കളെ നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കുകയും ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുകയും ചെയ്യണം. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ പാടുള്ളൂ. എന്നാൽ മേൽ പ്രോജക്ടിന്റെ ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (20/14-8-23) കൃഷി ഓഫീസർ വാക്കാൽ നൽകിയ മറുപടിയിൽ എല്ലാ വീടുകളിലും അടുക്കളത്തോട്ടം എന്ന ആശയമായതിനാൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാതെയാണ് ആനുകൂല്യ വിതരണം നടത്തിയതെന്നറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇപ്രകാരമുള്ള പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി പ്രോജക്ടുകൾ നിർവ്വഹിക്കേണ്ടതാണ്.

### 1-30 മുൻ വർഷങ്ങളിൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക ക്രമീകരിച്ചിട്ടില്ല.

1. 29.11.14 ൽ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ വൗച്ചർ നമ്പർ 21401175 പ്രകാരം നൽകിയ 60,000/- രൂപയും വൗച്ചർ നമ്പർ 21401176 പ്രകാരം നൽകിയ 40,000/- രൂപയും ക്രമീകരിച്ചില്ല.

2. 27.10.16 ൽ സ്ട്രീറ്റ് വാട്ടർ ടാപ്പ് ഡിസ്കണക്ഷൻ അഡ്വാൻസായി നൽകിയ 1,20,000/- രൂപ ക്രമീകരിച്ചിട്ടില്ല.

3. 4.9.20 ൽ സി.എഫ്.എൽ.ടി.സി നോഡൽ ഓഫീസർക്ക് നൽകിയ 1,00,000/- രൂപ ക്രമീകരിച്ചില്ല. അഡ്വാൻസ് ഇനത്തിൽ നൽകിയ മേൽ തുകകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-31 സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് വിഹിതം ചെലവഴിച്ചില്ല

വാർഷിക കണക്ക് ബി-4സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് വിഹിതം പദ്ധതികൾക്കായി ചെലവഴിക്കാതെ 34,94,357/- രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം പദ്ധതികൾക്കായി ചെലവഴിക്കാതെ 93,509/- രൂപ നീക്കിയിരിപ്പുണ്ട്. സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

23.01.2017 ധനകാര്യ വകുപ്പിന്റെ സ.ഉ (പി) നം.07/2017 ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള അക്കൗണ്ട് - മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടുകൾക്കുള്ള തുക നിക്ഷേപിക്കുന്നതിനായി ഒരു STSB അക്കൗണ്ട് ട്രഷറിയിൽ ആരംഭിക്കാവുന്നതാണെന്നും, സെപ്തംബർ 30 ന് മുൻപ് സ്ഥാപനങ്ങൾ ഈ അക്കൗണ്ടിലേക്ക് ഒറ്റത്തവണയായി തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ലഭ്യമായ സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധ്യതയില്ലെന്ന് വിലയിരുത്തുന്ന തുക ഫെബ്രുവരി 28 നകം അതാത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന്

ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും മുൻ വർഷങ്ങളിൽ ലഭ്യമായതും നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ജില്ല പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 35,87,866/-രൂപ തിരികെ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

പദ്ധതി നിലവിൽ ഇല്ലാത്ത തുകകൾ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതും, പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സെക്രട്ടറിയും, ഭരണസമിതിയും, നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതും, ഗ്രാമപഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലഭ്യമായ തുക ഉപയോഗപ്പെടുത്താതെ നഷ്ടപ്പെടുത്തിയതിനും, തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന ജില്ലാ - ബ്ലോക്ക് പഞ്ചായത്ത് വിഹിതം സമയബന്ധിതമായി തിരിച്ചടച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 7-08-2023 മുതൽ 14-08-2023 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 250000 | അംഗനവാടി അനുപൂരക പോഷക ആഹാര പദ്ധതി (ജനറൽ) | 250000 | 0 |
| | | 550000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 550000 | 0 |
| | | 3740000 | ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും ധനസഹായം(ജനറൽ) | 3740000 | 0 |
| | | 860000 | ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും ധനസഹായം(എസ്.സി) | 860000 | 0 |
| | | 759903 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 759903 | 0 |
| | | 273584 | ക്രാഡിൽ-അംഗനവാടി സെന്റർ നമ്പർ 13 | 273584 | 0 |
| | | 208750 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി | 208750 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 195160 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 195160 | 0 |

| | | | | |
|---|---|---|---|---|
| | 4400000 | ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും ധനസഹായം(എസ്.സി) | 4400000 | 0 |
| | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ | 224/18.1.23 | 99964 | 0 | 99964 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് -KURDFC ലോൺ | KURDFC/ GP/ 164/2014 Dtd 30/07/ 2014 | - | 21514859 | 4319509 | 2326068 | 17195350 |
| ലൈഫ് മിഷൻ പദ്ധതി | GO(MS) 68/ 2018/ 18/05/2018 | - | 2668000 | 1733084 | - | 934916 |
| | | | | | ആകെ | 1,81,30,266 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ | 614087 |

| | |
|---|---|
| ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | |
| തൻവർഷം നിക്ഷേപിച്ച തുക | 7675 |
| ആകെ | 621762 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 621762 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ബാങ്കിന്റെ പേര് | തുക |
|---|---|
| KDC ബാങ്ക് | 1,21,762 |
| ട്രഷറി | 5,00,000 |
| ആകെ | 6,21,762 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 39 | 2003-04 | 11.14 (മറ്റു പരാമർശങ്ങൾ) | ടാക്സിസ്റ്റാൻറ് സ്ഥലമെടുപ്പ്-അധികം നല്കിയ തുക തിരിച്ചു വാങ്ങാത്തത് | തടസ്സം തുടരുന്നു |
| | 41 | 2003-04 | | വിഭവ ഭൂപടം-അപാകത | തടസ്സം തുടരുന്നു |
| | 44 | 2003-04 | | ഊർക്കടവ് തെങ്ങു കൃഷി ജലസേചന പദ്ധതി പൂർത്തിയാക്കാത്തത്. | തടസ്സം തുടരുന്നു |
| 2002-03 | 2-2 | 2006-07 | 3.79.2.6 | ലേലതുക പിരിച്ചെടുത്തില്ല | തടസ്സം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| പ്രവർത്തനാവലോകനം ജല സ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | - | 2013-14 | 5.1.5.2 | ജല സ്രോതസ്സുകൾ മാലിന്യ കൂമ്പാരം | തടസ്സം തുടരുന്നു |
| | -- | 2013-14 | 5.1.5(4) | പൊതു കിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല | തടസ്സം തുടരുന്നു |
| -ടി- | -- | 2013-14 | 5.1.5(6) | ജല സ്രോതസ്സുകളുടെ കൈയേറ്റം തടയുന്നില്ല | തടസ്സം തുടരുന്നു |
| -ടി- | -- | 2013-14 | 5.1.5(10) | കുടി വെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനമില്ല. | തടസ്സം തുടരുന്നു |
| -ടി- | --- | 2013-14 | 5.1.5(11) | സാധ്യതാപഠനം നടത്താതെ കുടിവെള്ളപദ്ധതി ആരംഭിക്കുന്നു. | തടസ്സം തുടരുന്നു |
| | | 1 | | ഊർക്കടവ് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നിലച്ചു. | തടസ്സം തുടരുന്നു |
| | | | | പൂർത്തീകരിക്കാത്ത പദ്ധതികൾ | തടസ്സം തുടരുന്നു |
| “ | | 2013-14 | 5.1.5.13 | കുടിവെള്ള വിതരണം | തടസ്സം തുടരുന്നു |
| -ടി- | -- | 2013-14 | 5.1.5(17) | വെള്ളക്കരം കുടിശ്ശിക അടവാക്കിയിട്ടും ഗ്രാന്റുകളിൽ നിന്നും തുക കുറവു ചെയ്യുന്നു. | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം | 54391968 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം | 47742975 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 235891 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 24995 | ശ്രീമതി.ബിന്നി.പി.വർഗ്ഗീസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-20 | 110932 | ഡോ.ഡോളി അഗസ്റ്റിൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-27 | 99964 | ശ്രീ.ബ്രിജേഷ്.എം, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| |
|---|
| ഇല്ല. |

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദി

കളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബിന്നി.പി. വർഗ്ഗീസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി. ഡി.എസ് സൂപ്പർവൈസർ | ശ്രീ.നാദം, ജനകീയ റോഡ്, മേരിക്കുന്ന് പി.ഒ, 673012 |
| ഡോ.ഡോളി അഗസ്റ്റിൻ, മെഡിക്കൽ ഓഫീസർ(ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ) | വെട്ടക്കൽ ഹൗസ്, കള്ളിശ്ശേരി, മായനാട്.പി.ഒ |
| ശ്രീ.ബ്രിജേഷ്.എം, സെക്രട്ടറി | സെക്രട്ടറി | എം.വി.ഭവൻ, കുതിരവട്ടം(പി.ഒ), കോഴിക്കോട്- 673016 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1999-00 | എൽ.എഫ്.കെ. കെ.ഡി.പി3/ 1072/2018(1)/ 6.7.19 | 5 | 27, 39, 40, 41, 44 |
| 2000-01 | എൽ.എഫ്. കെ.കെ.ഡി.പി3/ 1072/2018(2) /6.7.19 | 2 | 30, 31 |
| 2002-03 | എൽ.എഫ്. കെ.കെ.ഡി.പി3/ 1072/2018(4) /6.7.19 | 9 | 2-1, 2-2, 2-3, 2-4, 2-5,2-6, 2-7, 3-13, 3-15 |
| 2012-13, 13-14 | കെ.എസ്.എ. കെ.കെ.ഡി.പി1/ 372/2022(5) തി:11.4.23 | 1 | 3-11, |
| 2014-15 | കെ.എസ്.എ. കെ.കെ.ഡി.പി1/ 372/2022(6) തി:11.4.23 | 1 | 2-2 |

| | | | |
|---|---|---|---|
| | | | |
| 2015-16 | കെ.എസ്.എ.<br>കെ.കെ.ഡി.പി1/<br>372/2022(7)<br>തി:11.4.23 | 1 | 3-1 |
| 2017-18 | കെ.എസ്.എ.<br>കെ.കെ.ഡി.പി1/<br>372/2022(9)<br>തി:11.4.23 | 14 | 2-3 (1, 2, 3),<br>2-5,2-9(1), 2-9(2),<br>2-9(3), 2-10,3-1, 3-2,<br>3-3, 3-4, 3-5, 3-9,<br>3-14, 3-15,3-17, 3-24 |
| 2018-19 | നം.കെ.എസ്.എ/<br>കെ.കെ.ഡി/പി1/<br>372/2022(10)<br>തി:11.4.23 | 9 | 1-13, 1-14, 1-16,<br>1-19, 1-20, 1-21,<br>1-22,1-25,1-33 |
| 2019-20 | നം.കെ.എസ്.എ/<br>കെ.കെ.ഡി/പി.1<br>/<br>129 /2022<br>തീ.8.12.22 | 18 | 1-2(4,8), 1-7,1-8, 1-9,<br>1-10,1-12,1-13(5),1-14,<br>1-15, 1-16,1-17, 1-18,<br>1-19,1-20,1-22,2-1,2-2 |
| 2020-21 | നം.കെ.എസ്.എ/<br>കെ.കെ.ഡി/പി.1<br>/<br>1281 /2022<br>തീ.16.7.22 | 26 | 1-1 , 1-2, 1-8, 1-10,<br>1-11, 1-12, 1-13(1(1,3),<br>1-13(2),1-13(3),1-14,<br>1-15(1,2),1-16,1-17,<br>1-18,1-20, 1-21,<br>1-22, 1-23,1-24,<br>1-25(3),1-26, 1-27<br>(2,3,4),1-28, 1-29,<br>1-30,1-31, 1-32,4-8 |
| 2021-22 | നം.കെ.എസ്.എ/<br>കെ.കെ.ഡി/പി.1<br>/514 /2023<br>തീ.24.5.23 | 20 | 1-2-1(1)(3)(6)(7) (10)<br>(12),1-7-1,1-10,1-11,1-12,<br>1-14,1-15,1-18,1-19,1-20,<br>1-21,1-22,1-23,1-25,<br>1-26,1-28,1-29,1-31,<br>3-1,4-8 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 6/1 dated 25-05-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mavoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mavoor Grama Panchayat for the year 2022-2023

Date: 30/09/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Mavoor Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

a.The following mandatory financial statements prescribed in accounting rules are not submitted for audit i.e, ratios and audit notes.

b.Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

c.Cheque uncashed for more than 3 months was not transfered to stale cheque account.

d. The redemption amount directly debited by bank is not completely reflected in afs.

e. The amount deposited in e-payment account is not credited on time.

f. The value of closing stock is not certified in Stock register and taken into account.

g. grant liability amount shown as liability in balance sheet does not match with bank account opened for the specified grant account.

h.lapses in making timely and accurate demand entries in respect of tax and non tax revenue.

i.withdrawal without entry in bank book.

j.grant appropriation control register does not match with accounts.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്